രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 30-06-2026

ഫയൽ നം. DEV-B1/293/2024/REV. ഇനം നം : 56

വിഷയം : റവന്യൂ (ദേവസ്വം) വകുപ്പ് - മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളുടെ വാർഷിക കണക്കുകൾ ഫസലി വർഷത്തെ അടിസ്ഥാനമാക്കി തയ്യാറാക്കുന്നതിനു പകരം സാമ്പത്തിക വർഷം അടിസ്ഥാനമാക്കി തയ്യാറാക്കുന്നതിനാവശ്യമായ നിയമ ഭേദഗതി വരുത്തുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
വി. ഡി. സതീശൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, റവന്യൂ (ദേവസ്വം) വകുപ്പ്.

K. MURALEEDHARAN
Minister For Health & Devaswoms

**GOVERNMENT OF KERALA**
**(SHRI. V D SATHEESAN MINISTRY)**
**NOTE FOR COUNCIL OF MEMBERS**

| | | |
|---|---|---|
| 1 | File No. | : DEV-B1/293/2024-REV |
| 2 | Department | : Revenue (Devaswom-B) Department |
| 3 | Subject | : Making necessary statutory amendment to prepare the annual accounts of the temples under the Malabar Devaswom Board on the basis of financial year instead of the fasli year. |
| 4 | Date of Chief Minister's order for placing before the Council | : 05.06.2026 |
| 5 | i) Does the case involve financial commitments.<br>ii) if so, has the Finance Department been consulted and their remarks incorporated in the note for the council | : No. Consulted Finance Department.<br>: Yes |
| 6 | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council. | : Yes, Law Department<br>Yes |
| 7 | Name of the Joint Secretary who submitted the Note | : Smt. Jayasree P. N |
| 8 | Name of Secretary who approved the Note | : Sri. M.G. Rajamanickam |
| 9 | Date of Approval of the Note for the Council by the Secretary | : 19.6.2026 |
| 10 | Name of the Chief Secretary who approved the Draft Note | : Dr.A.Jayathilak |
| 11 | Date of Approval of the Note for the Council by the Chief Secretary | : 23.6.2026 |
| 12 | Name of the Minister who approved the Note | : Sri. K. Muraleedharan |
| 13 | Date of Approval of the Note for the Council of Ministers by the Minister | : |
| 14 | Date of Submission of fair copies | : |
| 15 | Date of Decision by the Council of Ministers | : |
| 16 | Number and date of the Government order/ Letter Communicating the decision | : |

# NOTE FOR THE COUNCIL OF MINISTERS

This note relates to the proposed amendments in Madras Hindu Religious & Charitable Endowment Act to empower temples under the jurisdiction of Malabar Devaswom Board to maintain their annual accounts in accordance with the standard financial year( April 1- March 31) instead of fasli year.

2) Owing to the fact that all financial accounts relating to Government matters (including those connected with the Income Tax Department, budgets, assessments, and Annuity to temples) are prepared on the basis of Financial Year, it has resulted difficulties to temple administrators to prepare temple financial accounts on Calendar Year basis. In order to resolve this issue by ensuring uniformity, the Board has requested to amend the words "Calendar year" as "Financial year" in Sections 70(1), 70(2), 71(2), 71(4)(a), 76(2), and 79 of the Hindu Religious and Charitable Endowments Act, and to amend Rule 3 under Section 100(2)(o), so as to enable the preparation of temple accounts based on financial year. The Commissioner has submitted the request along with a copy of the Board's decision, draft Act, and draft Rules.

3) When consulted with Finance Department, that Department offered the following remark;

*"മലബാർ ദേവസ്വം ബോർഡിന്റെ സുഗമമായ പ്രവർത്തനത്തിന് 1951 ലെ Madras Hindu Religious and Charitable Endowment Act – ലെ Section 70(1), 70(2), 71(2), 71(4)a, 76(2), 79 എന്നിവയിലെ 'Calendar Year' എന്നത് 'Financial Year' എന്നു ഭേദഗതി വരുത്തുന്നതിനോട് ധനവകുപ്പിന് വിയോജിപ്പില്ല എന്നും നിയമവകുപ്പുമായി*

കൂടിയാലോചിച്ച് ഭരണ വകുപ്പിന് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ് എന്നും അറിയിക്കുന്നു."

4) On the basis of the remarks of the Finance Department, when the file was forwarded to Law Department for opinion that Department has furnished their opinion as follows:-

Page 11-12 NF

"സർക്കാരിന്റെയും മറ്റ് ഇതര സ്ഥാപനങ്ങളിലേതിനും സമാനമായി മലബാർ ദേവസ്വം ബോർഡിന്റെ ക്ഷേത്ര വാർഷിക കണക്കുകൾ സാമ്പത്തിക വർഷം അടിസ്ഥാനമാക്കി തയ്യാറാക്കുന്നതിന് പര്യാപ്തമാകുന്നവിധത്തിൽ 1951 ലെ Madras Hindu Religious and Charitable Endowment Act ലെ 70(1) , 70(2) , 71(2), 71(4)a , 76(2), 79 എന്നീ വകുപ്പുകൾ ഭേദഗതി ചെയ്തുകൊണ്ട് പ്രസ്തുത വകുപ്പുകളിൽ ഉപയോഗിച്ചിട്ടുള്ള 'Calender year' എന്ന വാക്കുകൾക്കു പകരം 'Financial year' എന്ന വാക്കുകൾ ചേർക്കുന്നതിന് നിയമതടസ്സമില്ല.

നിർദ്ദിഷ്ട ഭേദഗതി സംബന്ധിച്ച വിഷയം ഭാരതത്തിന്റെ ഭരണഘടനയുടെ ഏഴാം പട്ടികയിലെ ലിസ്റ്റ്-III സമവർത്തി ലിസ്റ്റിലെ 28-ാം ഉൾക്കുറിപ്പിലും ഉൾപ്പെടുന്നു, അതായത്:-

"ലിസ്റ്റ് III - സമവർത്തി ലിസ്റ്റ്

** ** ** **

28. ധർമ്മവും ധർമ്മസ്ഥാപനങ്ങളും, ധർമ്മപരവും മതപരവുമായ ധനനിക്ഷേപങ്ങളും മതസ്ഥാപനങ്ങളും.

** ** ** **."

ആയതിനാൽ, സംസ്ഥാന നിയമസഭയ്ക്ക് ഈ വിഷയത്തിൽ നിയമനിർമ്മാണം നടത്തുവാൻ അധികാരമുണ്ട്.

നിർദ്ദിഷ്ട നിയമനിർമ്മാണം സംബന്ധിച്ച വ്യവസ്ഥകൾ ഭാരതത്തിന്റെ ഭരണഘടനയിലെ വ്യവസ്ഥകൾക്ക്, പ്രത്യേകിച്ച് മൗലികാവകാശങ്ങളെ സംബന്ധിച്ച വ്യവസ്ഥകൾക്ക് വിരുദ്ധമാവുകയില്ല. നിർദ്ദിഷ്ട വ്യവസ്ഥകൾ സമവർത്തി ലിസ്റ്റിൽ എണ്ണിപ്പറഞ്ഞിട്ടുള്ള വിഷയങ്ങളിൽ ഒന്നിനെ സംബന്ധിച്ച് പാർലമെന്റ് മുമ്പ്

ഉണ്ടാക്കിയിട്ടുള്ള ഒരു നിയമത്തിലെയോ ആ വിഷയം സംബന്ധിച്ച് നിലവിലുള്ള ഒരു നിയമത്തിലെയോ വ്യവസ്ഥകൾക്ക് വിരുദ്ധമാകുന്നതല്ല ആയതിനാൽ ഈ ആവശ്യത്തിനുള്ള ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിന് രാഷ്ട്രപതിയുടെ മുൻകൂട്ടിയുള്ള അനുമതിയോ ശിപാർശയോ വാങ്ങേണ്ട ആവശ്യമില്ല

പ്രസ്തുത നിയമ നിർമ്മാണം നടത്തുന്നതിന് ഭരണ വകുപ്പ് ഫയൽ ബഹു വകുപ്പ് മന്ത്രി, ബഹു. നിയമവകുപ്പ് മന്ത്രി എന്നിവർ മുഖേന ബഹു. മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്ത് സർക്കാരിന്റെ റൂൾസ് ഓഫ് ബിസിനസ്സിലെ 45-ാം ചട്ടമനുസരിച്ചുള്ള ഉത്തരവ് വാങ്ങിയതിനു ശേഷം കരട് ബിൽ തയ്യാറാക്കുന്നതിന് ആവശ്യമായ വിശദാംശങ്ങൾ അടങ്ങിയ മെമ്മോറാണ്ടം സഹിതം അനന്തര നടപടികൾക്കായി ഫയൽ ഈ വകുപ്പിലേയ്ക്ക് മടക്കി നൽകേണ്ടതാണ്. "

5) On the basis of the remarks of Law Department, as per Rule 45 of the Government Rules of Business, the matter was circulated to the Hon' ble Chief Minister for orders on timely amendment of Madras Hindu Religious and Charitable Endowments Act 1951 by substituting the words "financial year" with "Calendar year" in Sections 70(1), 70(2), 71(2), 71(4)(a), 76(2), and 79 of the Act in order to ensure smooth functioning of the Malabar Devaswom Board and with the approval by the Hon' ble Chief Minister, the file was again forwarded to Law Department along with the details for preparing the draft Bill.

6) In this regard Law Department has remarked as follows;

*" 1951 - ലെ The Madras Hindu Religious and Charitable Endowments Act - ലെ വകുപ്പ് 70, 71, 76, 79 എന്നീ വകുപ്പുകളിൽ പ്രതിപാദിച്ചിരിക്കുന്ന ' Calender Year ' എന്ന പദങ്ങൾക്ക് പകരം ' Financial Year ' എന്ന പദങ്ങൾ ആക്റ്റിൽ ഭേദഗതി വരുത്തി ഉൾപ്പെടുത്തുന്നതിനുള്ള കരട് ബില്ലാണ് ഭരണവകുപ്പ് ലഭ്യമാക്കിയിട്ടുള്ളത്. പ്രസ്തുത നിയമത്തിൽ നാളിതുവരെ വരുത്തിയിട്ടുള്ള ഭേദഗതികൾ പരിശോധിച്ചതിൽ ഒൻപതാം കേരള നിയമസഭയുടെ 71-ാം നമ്പർ ബില്ലായ The Madras Hindu Religious*

Page 20 NF
Note#54

and Charitable Endowments (Amendment) Bill, 1993, 23.06.1993-ലെ 666/Legn-I/93/Leg വിജ്ഞാപനം ചെയ്തിട്ടുള്ളതും, വകുപ്പ് 70, 71, 76, 79 എന്നിവയിലെ 'fasli Year' എന്ന പദങ്ങൾക്ക് പകരം 'Year' എന്ന പദം ഉൾപ്പെടുത്തുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതുമാണ്. പ്രസ്തുത ബിൽ lapse ആയിട്ടുള്ളതാണ്. ആകയാൽ ഭരണവകുപ്പ് ലഭ്യമാക്കിയ മെമ്മോറാണ്ടത്തിൽ 'Calender Year' എന്ന പദങ്ങൾക്ക് പകരം 'fasli Year; എന്നും ആയതിനെ 'Financial Year' എന്ന് ഭേദഗതി വരുത്തുന്ന രീതിയിൽ ബിൽ തയ്യാറാക്കിയിട്ടുള്ളതാണ്. ആയത് ഭരണ വകുപ്പ് കൂടി പരിശോധിക്കേണ്ടതാണ്. 1951 - ലെ The Madras Hindu Religious and Charitable Endowments Act റദ്ദ് ചെയ്തുകൊണ്ട് '2025 - ലെ മലബാർ ഹിന്ദുമത ധർമ്മസ്ഥാപനങ്ങളും എൻഡോവ്മെന്റുകളും ബിൽ' 45 - ാം ചട്ടപ്രകാരമുള്ള ഉത്തരവിനു ശേഷം ലഭ്യമായിട്ടുള്ളത് ഈ വകുപ്പിൽ Leg-B1/43/2025-Law നം. ഫയലിൽ കൈകാര്യം ചെയ്തു വരുന്നു. 1951 - ലെ ആക്റ്റിലുള്ള ഭേദഗതി പ്രൊപ്പോസലും ടി ആക്റ്റ് റദ്ദ് ചെയ്തു പുതിയ നിയമനിർമ്മാണ പ്രൊപ്പോസലിലേക്കും ഭരണ വകുപ്പിന്റെ ശ്രദ്ധ ക്ഷണിക്കുന്നു. ഇരു പ്രൊപ്പോസലുകളും ഒരേ സമയം കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച ഭരണവകുപ്പ് പരിശോധിക്കേണ്ടത്.

മേൽ പറഞ്ഞതിനു വിധേയമായി ഈ വകുപ്പ് തയ്യാറാക്കിയ കരട് ബിൽ ഭരണ വകുപ്പിന്റെ പരിഗണനയ്ക്കായി ഇതോടൊപ്പം അറ്റാച്ച് ചെയ്തിട്ടുണ്ട്. ആയത് ഭരണവകുപ്പിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് അനുസൃതമാണോയെന്ന് പരിശോധിക്കേണ്ടതാണ്. കരട് ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്യുമ്പോൾ സംസ്ഥാന സഞ്ചിത നിധിയിൽ നിന്ന് എന്തെങ്കിലും ആവർത്തകവും അനാവർത്തകവുമായ ചെലവ് വരുന്ന പക്ഷം ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ച് ധനകാര്യ മെമ്മോറാണ്ടം തയ്യാറാക്കേണ്ടതും ബിൽ നിയമസഭ പരിഗണിക്കുന്നതിന് ഭാരതത്തിന്റെ ഭരണഘടനയുടെ 207(3) അനുച്ഛേദപ്രകാരമുള്ള ഗവർണ്ണറുടെ ശിപാർശയും ലഭ്യമാക്കേണ്ടതാണ്.

കരട് ബില്ലിന് മന്ത്രിസഭയുടെ അംഗീകാരം വാങ്ങിയശേഷം കരട് ബില്ലിനോടൊപ്പം ഉദ്ദേശ്യകാരണങ്ങളുടെ വിവരണം, ധനകാര്യ മെമ്മോറാണ്ടം എന്നിവ തയ്യാറാക്കി മേൽ പ്രസ്താവിച്ച പ്രകാരം സംസ്ഥാന സഞ്ചിത നിധിയിൽ നിന്ന് എന്തെങ്കിലും അധിക ചെലവ് വരുന്ന പക്ഷം ഭാരതത്തിന്റെ ഭരണഘടനയുടെ അനുച്ഛേദം 207(3)

പ്രകാരമുള്ള ഗവർണ്ണറുടെ ശിപാർശയും സഹിതം തുടർനടപടികൾക്കായി ഫയൽ ഈ വകുപ്പിലേക്ക് അയച്ച് തരുവാൻ ഭരണവകുപ്പിനോട് ആവശ്യപ്പെടുന്നു "

7) The matter of comprehensive legal reform to repeal the Madras Hindu Religious and Charitable Endowments Act, 1951, and replace the same with the Malabar Hindu Religious Institutions and Endowments Bill, 2026 is being examined in this Department. Though the process is in final stage, it is unable to state precisely when the new Act will come into force. Considering that the proposed amendment is urgent in nature, the matter was placed before the meeting of Council of Ministers held on 02.03.2026, to amend the word "fasli year" in sections 70(1), 70(2), 71(2), 71(4)(a), 76(2) and 79 of the Hindu Religious Establishment Act by replacing it with "financial year and the said Cabinet approved the draft Bill.

8) The Bill which was approved by the 15th Kerala Legislative Assembly, could not be enacted in time due to the dissolution of the 15th Kerala Legislative Assembly concluded on 24th February 2026 and subsequent enforcement of model code of conduct related to general elections. Therefore, as suggested by the Law Department, the issue of amending the term 'Fasli year' in the Madras Hindu Religious and Charitable endowments Act, 1951 to 'Financial year' and amending Rule 3 of Section 100(2)(o) needs to be presented before the current Cabinet again to take a policy decision.

9) When the file was circulated to the Hon' ble Chief Minister for orders on the proposed amendment in the Madras Hindu Religious and Charitable Endowments Act 1951 to substitute the term 'fasli year" with 'financial year' in Sections 70(1), 70(2), 71(2), 71(4)(a), 76(2), and 79 of the Act in order to

ensure smooth functioning of the Malabar Devaswom Board, the Hon' ble Chief Minister has ordered to place the matter before the Council of Ministers.

Page 60 NF
Note # 103

## POINT FOR DECISION

Whether approval may be granted to the draft Bill for amending Sections 70(1), 70(2), 71(2), 71(4)(a), 76(2), and 79 of the Hindu Religious and Charitable Endowments Act 1951 to substitute the term "fasli year" with "financial year," so as to enable the preparation of the annual accounts of the temples under the Malabar Devaswom Board ?

15/6

16/6/26

20/6/'26

Signature with Date

K Mukbedhar
24.6.2026

# THE MADRAS HINDU RELIGIOUS AND CHARITABLE ENDOWMENT (AMENDMENT) BILL, 2026

*A*

*BILL*

*further to amend the Madras Hindu Religious and Charitable Endowments Act,1951.*

*Preamble* - WHEREAS it is expedient further to amend the Madras Hindu Religious and Charitable Endowments Act, 1951 (Madras Act XIX of 1951), for the purposes hereinafter appearing

BE it enacted in the Seventy Sixth year of the Republic of India as follows:-

1. *Short title and commencement*- (1) This Act may be called The Madras Hindu Religious and Charitable Endowments (Amendment) Act, 2026.

(2) It shall come into force on such date as the Government may by notification in the official gazette appoint.

2. *Amendment of section 70*- In section 70 of the Madras Hindu Religious and Charitable Endowments Act, 1951 (Madras Act XIX of 1951) (hereinafter referred to as the principal Act) -

(1) in sub-section (1), for the words "fasli year", the words "financial year" shall be substituted,

(2) in clause (c) of sub-section (2), for the words "fasli year", the words "financial year" shall be substituted.

3. *Amendment of section 71* - in section 71 of the principal Act, in sub-sections (2) and (4) for the words "fasli year", wherever they occur, the words "financial year" shall be substituted.

4. *Amendment of section 76.*- in section 76 of the principal Act, in sub-section (2), for the words "fasli year", the words "financial year" shall be substituted.

5. *Amendment of section 79* - In section 79 of the principal Act, for the word "faslis", in both the places where they occur, the words "financial years" shall be substituted, and for the word "fasli", in both the places where they occur, the words "financial year" shall be substituted.

## Statement of Objects and Reasons

The accounting, audit, periodical returns, reports, form and content of the audit report etc. relating to the administration "of Religious institutions and endowments within the purview of the Madras Hindu Religious And Charitable Endowments Act, 1951 have been maintained on the basis of fasli year. Whereas Malabar Devaswom Board has been functioning mainly on the budget grant by the Government of Kerala and all the records have been maintained on the basis of the financial year. In order to have a uniformity and consistency in the maintenance of the records in the Board and the temples with that of the Government, to make it abreast of the times, the amendment is proposed.

Kmurleedharan

കെ. മുരളീധരൻ
ആരോഗ്യവും ദേവസ്വവും വകുപ്പ് മന്ത്രി

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ
(ശ്രീ. വി ഡി സതീശൻ മന്ത്രിസഭ)
മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽനമ്പർ | DEV-B1/293/2024-REV |
| 2. | വകുപ്പ് | റവന്യൂ (ദേവസ്വം ബി) വകുപ്പ് |
| 3. | വിഷയം | മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളുടെ വാർഷിക കണക്കുകൾ ഫസ്ലി വർഷത്തെ അടിസ്ഥാനമാക്കി തയ്യാറാക്കുന്നതിനു പകരം സാമ്പത്തിക വർഷം അടിസ്ഥാനമാക്കി തയ്യാറാക്കുന്നതിനാവശ്യമായ നിയമ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 05.06.2026 |
| 5. | (i) ഇത് സാമ്പത്തികബാധ്യതയുള്ളതാണോ? | ഇല്ല |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെ ങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചി ട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്<br>ഉണ്ട്. നിയമവകുപ്പ് |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീമതി. ജയശ്രീ പി എൻ |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | ശ്രീ. എം. ജി. രാജമാണിക്കം |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 19.6.2026 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. എ. ജയതിലക് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 23.6.2026 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. കെ മുരളീധരൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

# മന്ത്രിസഭാ യോഗത്തിനുള്ള കരട് കുറിപ്പ്

മലബാർ ദേവസ്വം ബോർഡിന്റെ അധികാര പരിധിയിൽ വരുന്ന ക്ഷേത്രങ്ങൾക്ക് വാർഷിക കണക്കുകൾ കലണ്ടർ വർഷത്തിന് പകരം സാമ്പത്തിക വർഷം (ഏപ്രിൽ 1 - മാർച്ച് 31) അടിസ്ഥാനമാക്കി തയ്യാറാക്കുന്നതിന് അധികാരം നൽകുന്നതിനുള്ള Madras Hindu Religious & Charitable Endowment Act- ലെ ഭേദഗതികളുമായി ബന്ധപ്പെട്ടതാണ് ഈ കുറിപ്പ്

2) സർക്കാരുമായി ബന്ധപ്പെട്ട എല്ലാ സാമ്പത്തിക കണക്കുകളും (ആദായ നികുതി വകുപ്പുമായി ബന്ധപ്പെട്ടവ, ബഡ്ജറ്റുകൾ, അസസ്മെന്റുകൾ, ക്ഷേത്രങ്ങൾക്കുള്ള ആന്വിറ്റി) , സാമ്പത്തിക വർഷം കണക്കാക്കി തയ്യാറാക്കുന്നവ ആയതിനാൽ, ക്ഷേത്ര സാമ്പത്തിക കണക്കുകൾ കലണ്ടർ വർഷം അടിസ്ഥാനമാക്കി തയ്യാറാക്കുന്നത് കാരണം ക്ഷേത്ര ഭരണാധികാരികൾക്ക് ബുദ്ധിമുട്ടുള്ളതായും, ആയത് ഏകീകരിച്ച് പ്രശ്നം പരിഹരിക്കുന്നതിന് ഹിന്ദുമത ധർമ്മ സ്ഥാപന നിയമത്തിലെ സെക്ഷൻ 70(1) , 70(2) , 71(2) , 71(4)(a), 76(2) , 79, എന്നിവയിലെ ' Calender year ' എന്നത് ' Financial year ' എന്നാക്കി ഭേദഗതി ചെയ്യുന്നതിനും, 100(2)(o) - ലെ ചട്ടം 3 ഭേദഗതി ചെയ്ത് ക്ഷേത്രങ്ങളുടെ കണക്കുകൾ സാമ്പത്തിക വർഷം എന്ന രീതിയിൽ തയ്യാറാക്കുന്നതിന് അനുമതി നൽകണമെന്ന അപേക്ഷ ബോർഡ് തീരുമാനത്തിന്റെ പകർപ്പ്, കരട് ആക്ട് , റൂൾ എന്നിവ സഹിതം കമ്മീഷണർ സമർപ്പിച്ചിരിക്കുന്നു.

Page 19-22cf

Page 2-5cf

3) ഇതു സംബന്ധിച്ച് ധനകാര്യവകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ, ആ വകുപ്പ് താഴെ പറയുന്ന അഭിപ്രായം രേഖപ്പെടുത്തി.

Page 8 Nf

*"മലബാർ ദേവസ്വം ബോർഡിന്റെ സുഗമമായ പ്രവർത്തനത്തിന് 1951 ലെ Madras Hindu Religious and Charitable Endowment Act - ലെ Section 70(1), 70(2), 71(2), 71(4)a, 76(2), 79 എന്നിവയിലെ 'Calendar Year' എന്നത് 'Financial Year' എന്ന ഭേദഗതി വരുത്തുന്നതിനോട് ധനവകുപ്പിന് വിയോജിപ്പില്ല എന്നും നിയമവകുപ്പുമായി കൂടിയാലോചിച്ച് ഭരണ വകുപ്പിന് തുടർ നടപടികൾ സ്വികരിക്കാവുന്നതാണ് എന്നും അറിയിക്കുന്നു."*

4) ധനവകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഫയൽ നിയമവകുപ്പിന്റെ അഭിപ്രായത്തിനായി അയയ്ക്കുകയും, നിയമവകുപ്പ് താഴെപ്പറയുന്ന അവരുടെ അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്തു.

Page 11-12 Nf

*"സർക്കാരിന്റെയും മറ്റ് ഇതര സ്ഥാപനങ്ങളിലേതിനും സമാനമായി മലബാർ ദേവസ്വം ബോർഡിന്റെ ക്ഷേത്ര വാർഷിക കണക്കുകൾ സാമ്പത്തിക വർഷം അടിസ്ഥാനമാക്കി തയ്യാറാക്കുന്നതിന് പര്യാപ്തമാകുന്നവിധത്തിൽ 1951 ലെ Madras*

*Hindu Religious and Charitable Endowment Act ലെ 70(1) , 70(2) , 71(2), 71(4)a , 76(2), 79 എന്നീ വകുപ്പുകൾ ഭേദഗതി ചെയ്തുകൊണ്ട് പ്രസ്തുത വകുപ്പുകളിൽ ഉപയോഗിച്ചിട്ടുള്ള 'Calender year' എന്ന വാക്കുകൾക്കു പകരം 'Financial year' എന്ന വാക്കുകൾ ചേർക്കുന്നതിന് നിയമതടസ്സമില്ല.*

നിർദ്ദിഷ്ട ഭേദഗതി സംബന്ധിച്ച വിഷയം ഭാരതത്തിന്റെ ഭരണഘടനയുടെ ഏഴാം പട്ടികയിലെ ലിസ്റ്റ് -III സമവർത്തി ലിസ്റ്റിലെ 28-ാം ഉൾക്കുറിപ്പിലും ഉൾപ്പെടുന്നു, അതായത്:-

"ലിസ്റ്റ് III - സമവർത്തി ലിസ്റ്റ്

** ** ** **

28. ധർമ്മവും ധർമ്മസ്ഥാപനങ്ങളും, ധർമ്മപരവും മതപരവുമായ ധനനിക്ഷേപങ്ങളും മതസ്ഥാപനങ്ങളും.

** ** ** **".

ആയതിനാൽ, സംസ്ഥാന നിയമസഭയ്ക്ക് ഈ വിഷയത്തിൽ നിയമനിർമ്മാണം നടത്തുവാൻ അധികാരമുണ്ട്.

നിർദ്ദിഷ്ട നിയമനിർമ്മാണം സംബന്ധിച്ച വ്യവസ്ഥകൾ ഭാരതത്തിന്റെ ഭരണഘടനയിലെ വ്യവസ്ഥകൾക്ക്, പ്രത്യേകിച്ച് മൗലികാവകാശങ്ങളെ സംബന്ധിച്ച വ്യവസ്ഥകൾക്ക് വിരുദ്ധമാവുകയില്ല. നിർദ്ദിഷ്ട വ്യവസ്ഥകൾ സമവർത്തി ലിസ്റ്റിൽ എണ്ണിപ്പറഞ്ഞിട്ടുള്ള വിഷയങ്ങളിൽ ഒന്നിനെ സംബന്ധിച്ച് പാർലമെന്റ് മുമ്പ് ഉണ്ടാക്കിയിട്ടുള്ള ഒരു നിയമത്തിലെയോ ആ വിഷയം സംബന്ധിച്ച് നിലവിലുള്ള ഒരു നിയമത്തിലെയോ വ്യവസ്ഥകൾക്ക് വിരുദ്ധമാകുന്നതല്ല. ആയതിനാൽ ഈ ആവശ്യത്തിനുള്ള ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിന് രാഷ്ട്രപതിയുടെ മുൻകൂട്ടിയുള്ള അനുമതിയോ ശിപാർശയോ വാങ്ങേണ്ട ആവശ്യമില്ല.

*പ്രസ്തുത നിയമ നിർമ്മാണം നടത്തുന്നതിന് ഭരണ വകുപ്പ് ഫയൽ ബഹു. വകുപ്പ് മന്ത്രി, ബഹു. നിയമവകുപ്പ് മന്ത്രി എന്നിവർ മുഖേന ബഹു. മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്ത് സർക്കാരിന്റെ റൂൾസ് ഓഫ് ബിസിനസ്സിലെ 45-ാം ചട്ടമനുസരിച്ചുള്ള ഉത്തരവ് വാങ്ങിയതിനു ശേഷം കരട് ബിൽ തയ്യാറാക്കുന്നതിന് ആവശ്യമായ വിശദാംശങ്ങൾ അടങ്ങിയ മെമ്മോറാണ്ടം സഹിതം അനന്തര നടപടികൾക്കായി ഫയൽ ഈ വകുപ്പിലേയ്ക്ക് മടക്കി നൽകേണ്ടതാണ്. "*

5) നിയമവകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ , മലബാർ ദേവസ്വം ബോർഡിന്റെ സുഗമമായ പ്രവർത്തനത്തിനായി 1951 ലെ Madras Hindu Religious and Charitable Endowments Act- ലെ സെക്ഷൻ 70(1), 70(2), 71(2), 71(4)(a), 76(2), 79 എന്നിവയിൽ ഉള്ള "Calendar year" എന്ന വാക്കുകൾക്ക് പകരം "Financial

year" എന്നാക്കി കാലോചിതമായി ഭേദഗതി വരുത്തുന്നതിനായി, സർക്കാരിന്റെ റൂൾസ് ഓഫ് ബിസിനസിലെ 45-ാം ചട്ടപ്രകാരം വിഷയം ബഹു. മുഖ്യമന്ത്രിയുടെ ഉത്തരവിനായി സമർപ്പിച്ചു. ബഹു. മുഖ്യമന്ത്രിയുടെ അംഗീകാരം ലഭിച്ചതിനെ തുടർന്ന്, കരട് ബിൽ തയ്യാറാക്കുന്നതിനുള്ള വിശദാംശങ്ങളോടുകൂടി ഫയൽ വീണ്ടും നിയമവകുപ്പിന് നൽകുകയുണ്ടായി.

Page 20 NF
Note #54

6) ഈ വിഷയത്തിൽ നിയമവകുപ്പ് രേഖപ്പെടുത്തിയ അഭിപ്രായം ചുവടെ ചേർക്കുന്നു :-

*" 1951 - ലെ The Madras Hindu Religious and Charitable Endowments Act - ലെ വകുപ്പ് 70, 71, 76, 79 എന്നീ വകുപ്പുകളിൽ പ്രതിപാദിച്ചിരിക്കുന്ന ' Calender Year ' എന്ന പദങ്ങൾക്ക് പകരം ' Financial Year ' എന്ന പദങ്ങൾ ആക്റ്റിൽ ഭേദഗതി വരുത്തി ഉൾപ്പെടുത്തുന്നതിനുള്ള കരട് ബില്ലാണ് ഭരണവകുപ്പ് ലഭ്യമാക്കിയിട്ടുള്ളത്. പ്രസ്തുത നിയമത്തിൽ നാളിതുവരെ വരുത്തിയിട്ടുള്ള ഭേദഗതികൾ പരിശോധിച്ചതിൽ ഒൻപതാം കേരള നിയമസഭയുടെ 71-ാം നമ്പർ ബില്ലായ The Madras Hindu Religious and Charitable Endowments (Amendment) Bill, 1993, 23.06.1993-ലെ 666/Legn-I/93/Leg വിജ്ഞാപനം ചെയ്തിട്ടുള്ളതും, വകുപ്പ് 70, 71, 76, 79 എന്നിവയിലെ 'fasli Year' എന്ന പദങ്ങൾക്ക് പകരം 'Year' എന്ന പദം ഉൾപ്പെടുത്തുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതുമാണ്. പ്രസ്തുത ബിൽ lapse ആയിട്ടുള്ളതാണ്. ആകയാൽ ഭരണവകുപ്പ് ലഭ്യമാക്കിയ മെമ്മോറാണ്ടത്തിൽ 'Calender Year' എന്ന പദങ്ങൾക്ക് പകരം 'fasli Year; എന്നും ആയതിനെ 'Financial Year' എന്ന് ഭേദഗതി വരുത്തുന്ന രീതിയിൽ ബിൽ തയ്യാറാക്കിയിട്ടുള്ളതാണ്. ആയത് ഭരണ വകുപ്പ് കൂടി പരിശോധിക്കേണ്ടതാണ്.*

*1951 - ലെ The Madras Hindu Religious and Charitable Endowments Act റദ്ദ് ചെയ്തുകൊണ്ട് '2025 - ലെ മലബാർ ഹിന്ദുമത ധർമ്മസ്ഥാപനങ്ങളും എൻഡോവ്മെന്റുകളും ബിൽ' 45 - ാം ചട്ടപ്രകാരമുള്ള ഉത്തരവിനു ശേഷം ലഭ്യമായിട്ടുള്ളത് ഈ വകുപ്പിൽ Leg-B1/43/2025-Law നം. ഫയലിൽ കൈകാര്യം ചെയ്തു വരുന്നു. 1951 - ലെ ആക്റ്റിലുള്ള ഭേദഗതി പ്രൊപ്പോസലും ടി ആക്റ്റ് റദ്ദ് ചെയ്തു പുതിയ നിയമനിർമ്മാണ പ്രൊപ്പോസലിലേക്കും ഭരണ വകുപ്പിന്റെ ശ്രദ്ധ ക്ഷണിക്കുന്നു. ഇരു പ്രൊപ്പോസലുകളും ഒരേ സമയം കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച ഭരണവകുപ്പ് പരിശോധിക്കേണ്ടത്.*

*മേൽ പറഞ്ഞതിനു വിധേയമായി ഈ വകുപ്പ് തയ്യാറാക്കിയ കരട് ബിൽ ഭരണ വകുപ്പിന്റെ പരിഗണനയ്ക്കായി ഇതോടൊപ്പം അറ്റാച്ച് ചെയ്തിട്ടുണ്ട്. ആയത് ഭരണവകുപ്പിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് അനുസൃതമാണോയെന്ന്പരിശോധിക്കേണ്ടതാണ്. കരട് ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്യുമ്പോൾ സംസ്ഥാന സഞ്ചിത നിധിയിൽ നിന്ന് എന്തെങ്കിലും ആവർത്തകവും അനാവർത്തകവുമായ ചെലവ് വരുന്ന പക്ഷം ധനകാര്യ വകുപ്പുമായി*

കൂടിയാലോചിച്ച് ധനകാര്യ മെമ്മോറാണ്ടം തയ്യാറാക്കേണ്ടതും ബിൽ നിയമസഭ പരിഗണിക്കുന്നതിന് ഭാരതത്തിന്റെ ഭരണഘടനയുടെ 207(3) അനുച്ഛേദപ്രകാരമുള്ള ഗവർണ്ണറുടെ ശിപാർശയും ലഭ്യമാക്കേണ്ടതാണ്.

കരട് ബില്ലിന് മന്ത്രിസഭയുടെ അംഗീകാരം വാങ്ങിയശേഷം കരട് ബില്ലിനോടൊപ്പം ഉദ്ദേശ്യകാരണങ്ങളുടെ വിവരണം, ധനകാര്യ മെമ്മോറാണ്ടം എന്നിവ തയ്യാറാക്കി മേൽ പ്രസ്താവിച്ച പ്രകാരം സംസ്ഥാന സഞ്ചിത നിധിയിൽ നിന്ന് എന്തെങ്കിലും അധിക ചെലവ് വരുന്ന പക്ഷം ഭാരതത്തിന്റെ ഭരണഘടനയുടെ അനുച്ഛേദം 207(3) പ്രകാരമുള്ള ഗവർണ്ണറുടെ ശിപാർശയും സഹിതം തുടർനടപടികൾക്കായി ഫയൽ ഈ വകുപ്പിലേക്ക് അയച്ച് തരുവാൻ ഭരണവകുപ്പിനോട് ആവശ്യപ്പെടുന്നു "

7) 1951 ലെ Madras Hindu Religious and Charitable Endowments Act റദ്ദ് ചെയ്ത് അതിന് പകരമായി 2026 ലെ Malabar Hindu Religious Institutions and Endowments Bill പ്രാബല്യത്തിൽ വരുത്തുന്നതിനുള്ള സമഗ്ര നിയമപരിഷ്കരണ വിഷയം ഈ വകുപ്പിൽ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട നടപടികൾ അന്തിമ ഘട്ടത്തിലാണെങ്കിലും, പുതിയ നിയമം കൃത്യമായി എപ്പോൾ പ്രാബല്യത്തിൽ വരുമെന്നത് വ്യക്തമല്ല. ഇപ്പോൾ ആവശ്യപ്പെട്ടിരിക്കുന്ന ഭേദഗതി അടിയന്തര പ്രാധാന്യമുള്ള വിഷയമായതിനാൽ, 02.03.2026 - ലെ മന്ത്രിസഭാ യോഗത്തിന് മുമ്പാകെ ഈ വിഷയം സമർപ്പിക്കുകയും, ഹിന്ദുമത ധർമ്മസ്ഥാപന നിയമത്തിലെ സെക്ഷൻ 70(1), 70(2), 71(2), 71(4)(a), 76(2), 79 എന്നിവയിൽ ഉള്ള "fasli year" എന്ന പദത്തിന് പകരം "financial year" എന്നാക്കി ഭേദഗതി ചെയ്യുന്നതിനുള്ള കരട് ബില്ലിന് പ്രസ്തുത മന്ത്രിസഭാ യോഗം അംഗീകാരം നൽകുകയും ചെയ്തിരുന്നു.

Page 43 cf

8) 15-ാം കേരള നിയമസഭയുടെ 16-ാം സമ്മേളനം 2026 ഫെബ്രുവരി 24-ന് സമാപിക്കുകയും 16-ാം കേരള നിയമസഭ രൂപീകരിക്കുന്നതിനുള്ള പൊതുതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പെരുമാറ്റച്ചട്ടം പ്രാബല്യത്തിൽ വരികയും ചെയ്ത സാഹചര്യത്തിൽ 15-ാം കേരള നിയമസഭയുടേതായ ഈ ബിൽ പാസ്സാക്കാൻ കഴിഞ്ഞില്ല. ആയതിനാൽ നിയമവകുപ്പ് നിർദ്ദേശിച്ച പ്രകാരം 1951-ലെ Madras Hindu Religious and Charitable endowments Act - ലെ fasli year ' എന്നത് ' Financial year ' എന്നാക്കി ഭേദഗതി ചെയ്യുന്നതും, 100(2)(0) - ലെ ചട്ടം 3 ഭേദഗതി ചെയ്യുന്നതും സംബന്ധിച്ച വിഷയം വീണ്ടും നിലവിലെ മന്ത്രിസഭയിൽ അവതരിപ്പിച്ച് നയപരമായ തീരുമാനം കൈക്കൊള്ളേണ്ടതുണ്ട്.

Note #92
Page 58 NF

9) ആയതിനാൽ, മലബാർ ദേവസ്വം ബോർഡിന്റെ സുഗമമായ പ്രവർത്തനം ഉറപ്പാക്കുന്നതിനായി 1951 ലെ Madras Hindu Religious and Charitable Endowments Act-ലെ സെക്ഷൻ 70(1), 70(2), 71(2), 71(4)(a), 76(2), 79 എന്നിവയിൽ ഉള്ള "fasli year" എന്ന പദത്തിന് പകരം “financial year” എന്നാക്കി ഭേദഗതി ചെയ്യുന്നതു സംബന്ധിച്ച കരട് ഭേദഗതി ശിപാർശ അംഗീകാരത്തിനായി ഫയൽ ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ പ്രസ്തുത വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിരിരുന്നു.

Page 60 NF Note#103

**<u>തീരുമാനിക്കേണ്ട വിഷയം</u>**

മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളുടെ വാർഷിക കണക്കുകൾ സാമ്പത്തിക വർഷം അടിസ്ഥാനമാക്കി തയ്യാറാക്കുന്നതിനായി, ഹിന്ദുമത ധർമ്മസ്ഥാപന നിയമത്തിലെ സെക്ഷൻ 70(1), 70(2), 71(2), 71(4)(a), 76(2), 79 എന്നിവയിൽ ഉള്ള “fasli year" എന്ന പദത്തിന് പകരം “financial year” എന്നാക്കി ഭേദഗതി ചെയ്യുന്നതിനുള്ള കരട് ബില്ലിന് അംഗീകാരം നൽകാമോ ?

15/6

16/6/26

20/6/2026

2/6/26

K M Mubbe dhal
24.6.2026

**THE MADRAS HINDU RELIGIOUS AND CHARITABLE ENDOWMENT (AMENDMENT) BILL, 2026**

*A*

*BILL*

*further to amend the Madras Hindu Religious and Charitable Endowments Act, 1951.*

*Preamble* - WHEREAS it is expedient further to amend the Madras Hindu Religious and Charitable Endowments Act, 1951 (Madras Act XIX of 1951), for the purposes hereinafter appearing

BE it enacted in the Seventy Sixth year of the Republic of India as follows:-

1. *Short title and commencement*- (1) This Act may be called The Madras Hindu Religious and Charitable Endowments (Amendment) Act, 2026.

(2) It shall come into force on such date as the Government may by notification in the official gazette appoint.

2. *Amendment of section 70*- In section 70 of the Madras Hindu Religious and Charitable Endowments Act, 1951 (Madras Act XIX of 1951) (hereinafter referred to as the principal Act) -

(1) in sub-section (1), for the words "fasli year", the words "financial year" shall be substituted,

(2) in clause (c) of sub-section (2), for the words "fasli year", the words "financial year" shall be substituted.

3. *Amendment of section 71* - in section 71 of the principal Act, in sub-sections (2) and (4) for the words "fasli year", wherever they occur, the words "financial year" shall be substituted.

4. *Amendment of section 76*.- in section 76 of the principal Act, in sub-section (2), for the words "fasli year", the words "financial year" shall be substituted.

5. *Amendment of section 79* - In section 79 of the principal Act, for the word "faslis", in both the places where they occur, the words "financial years" shall be substituted, and for the word "fasli", in both the places where they occur, the words "financial year" shall be substituted.

## Statement of Objects and Reasons

The accounting, audit, periodical returns, reports, form and content of the audit report etc. relating to the administration "of Religious institutions and endowments within the purview of the Madras Hindu Religious And Charitable Endowments Act, 1951 have been maintained on the basis of fasli year. Whereas Malabar Devaswom Board has been functioning mainly on the budget grant by the Government of Kerala and all the records have been maintained on the basis of the financial year. In order to have a uniformity and consistency in the maintenance of the records in the Board and the temples with that of the Government, to make it abreast of the times, the amendment is proposed.